പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.468 — 6.3.2012 ൽ മറുപടിയ്ക്ക്

സാമൂഹ്യ സുരക്ഷാമിഷൻ

ചോദ്യം — ഉത്തരം

ശ്രീ.വി.എസ്.സുനിൽകുമാർ
ശ്രീ.വി.ശശി
ശ്രീമതി.ഗീതാ ഗോപി
ശ്രീ.ചിറ്റയം ഗോപകുമാർ

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും
വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സാമൂഹ്യ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ അവശതയനഭവിക്കുന്നവർക്കായി എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ആ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട്. അവശതയനഭവിക്കുന്നവർക്കായി താഴെ പറയുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ശ്രവണ വൈകല്യമുള്ള മൂന്ന് വയസ്സിന് താഴെ പ്രായമുള്ള അർഹരായ കുട്ടികൾക്ക് സർജറി നടത്തുന്നതിനും സ്പീച്ച് തെറാപ്പി ചെയ്യുന്നതിനും ധനസഹായം അനുവദിക്കുന്നതിനായി കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വയോജന നയം 2006 ൽ വിഭാവന ചെയ്യുന്ന വിവിധ കർമ്മ പരിപാടികളും ക്ഷേമ പ്രവർത്തനങ്ങളും ആവശ്യമെങ്കിൽ പരിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) സംസ്ഥാനത്ത് പേയ് മെന്റ് ഗേറ്റ് വേ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു; | (ബി)ഉണ്ട്. കേരള സാമൂഹ്യ സുരക്ഷാമിഷന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് സ്വരൂപിക്കാനായി സുരക്ഷാമിഷന്റെ വെബ്സൈറ്റിലൂടെ ഡെബിറ്റ്/ക്രെഡിറ്റ് കാർഡ്/നെറ്റ് ബാങ്കിംഗ് എന്നീ സൌകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് സംഭാവനകൾ സ്വരൂപിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് പേയ്മെന്റ് ഗേറ്റ് വേ. ഇപ്രകാരം തുക നിക്ഷേപിക്കുന്ന ആൾക്ക് കേരള സാമൂഹ്യ സുരക്ഷാമിഷന്റെ ഏത് പദ്ധതിയിലേയ്ക്കാണ് പണം |

| | |
|---|---|
| | വുന്നതാണ്. ആയത് പരിഗണിച്ച് ആ പദ്ധതിയ്ക്കായി ടി തുക ചെലവഴിക്കുന്നു. ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കിയിട്ടില്ല. |
| (സി) ഈ പദ്ധതിയിൽനിന്നും സഹായം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ? | (സി) പേയ് മെന്റ് ഗേറ്റ് വേയിലൂടെ ലഭിക്കുന്ന ഫണ്ട് സുരക്ഷാമിഷന്റെ വിവിധ പദ്ധതികൾക്കായി വിനിയോഗിക്കുന്നതാണ്. ഓരോ പദ്ധതിക്കും ബാധകമായ മാനദണ്ഡങ്ങളനുസരിച്ചാണ് ധനസഹായം ലഭ്യമാക്കുന്നത്. |

R. Vijayesh

സെക്ഷൻ ഓഫീസർ